# പതിനാലാം കേരള നിയമസഭ
## 7-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 692**

**08.08.2017 -ൽ മറുപടിയ്ക്ക്**

## അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) അതിരപ്പിള്ളി ടൂറിസം മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br>1. യാത്രിനിവാസ് നിർമ്മാണം<br>2. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് ഏരിയ, പബ്ലിക് പാർക്ക്, വ്യൂ പോയിന്റ് എന്നിവയുടെ നിർമ്മാണം.<br>3. തുമ്പൂർമൂഴിയിൽ കർട്ടൻ ഫൗണ്ടൻ, ഡീസൽ ജനറേറ്റർ, ഫുട്ട് ഓവർ ബ്രിഡ്ജ്, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികളുടെ പാർക്ക് നവീകരണം, കടകൾ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ |
| (ബി) അതിരപ്പിള്ളിയിൽ യാത്രി നിവാസ്, ടൂറിസം ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും തുമ്പൂർമൂഴി ടൂറിസം സെന്ററിന്റെ വികസന പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (ബി) ഇവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | അതിരപ്പിള്ളി ഉൾപ്പടെയുള്ള 'ടൂറിസം സർക്യൂട്ട്' പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും അവ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ ? | (സി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 98.93 കോടി രൂപ യുടെ 'അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് നാച്വർ സർക്യൂട്ട്' എന്ന പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ